**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80** **26-07-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. ജെ. മാക്സി** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പതിനഞ്ച് ലക്ഷത്തിലധികം പേർ ഉപജീവനത്തിനായി ആശ്രയിച്ചുകൊണ്ടിരുന്ന വിനോദസഞ്ചാര മേഖലയുടെ അടച്ചു പൂട്ടൽ സമ്പദ് വ്യവസ്ഥയിൽ ഏല്പിച്ച ആഘാതം കണക്കിലെടുത്ത് സുരക്ഷ ഉറപ്പാക്കിക്കൊണ്ട് വിനോദസഞ്ചാരം ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന, സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുന്ന ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയ്ക്ക് ചില നിബന്ധനകൾക്ക് വിധേയമായി പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് കാരണം വരുമാന രഹിതരായ വിനോദസഞ്ചാര മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ പദ്ധതികൾ നടപ്പാക്കിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കോവിഡ് കാരണം വരുമാനരഹിതരായ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ചീഫ് മിനിസ്റ്റേഴ്സ് ലോൺ അസിസ്റ്റൻസ്/സപ്പോർട്ട് സ്കീം, ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം എന്നീ ധനസഹായ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ